# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1525 — 03.10.2016 ൽ - മറുപടിക്ക്

## പൊതുവിതരണ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>,, എം. സ്വരാജ്<br>,, എം. നൗഷാദ്<br>,, സി.കെ. ശശീന്ദ്രൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണ സമ്പ്രദായം അഴിമതി രഹിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) പൊതുവിതരണ സമ്പ്രദായം അഴിമതി രഹിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിൽ എൻഡ് - ടു - എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ് / ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതാണ്. ഓരോ ട്രാൻസാക്ഷനും തത്സമയം ബന്ധപ്പെട്ട ട്രാൻസ്പാരൻസി പോർട്ടൽ വികസിപ്പിക്കുന്നതാണ്. സുതാര്യമായ ഒരു പരാതി പരിഹാര സംവിധാനവും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വികസിപ്പിക്കുന്നതാണ്. പൊതുവിതരണ ശൃംഖലയിലെ റേഷൻ സാധനങ്ങളുടെ തിരിമറി/ മറിച്ചു വിൽപന എന്നിവ തടയുന്നതിനായി ശക്തമായ പരിശോധനാ സംവിധാനം വകുപ്പ് തലത്തിൽ ഉണ്ട്. വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരെ കൂടി ഏകോപിപ്പിച്ചുകൊണ്ടും നിരവധി പരിശോധനകളും റെയ്ഡുകളും നടത്തി |

നിയമലംഘനം നടത്തിയവർക്കെതിരെ നോട്ടീസ് നൽകി പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2016 ജനുവരി മുതൽ മെയ് വരെ സംസ്ഥാനത്ത് ഉടനീളം പൊതുവിതരണ കേന്ദ്രങ്ങളിൽ 20199 പരിശോധനകൾ നടത്തി. ഓണം, ബക്രീദ് കാലത്ത് റേഷൻ സാധനങ്ങളുടെ തിരിമറി / മറിച്ച് വിൽപ്പന എന്നിവ തടഞ്ഞ് അവയുടെ ലഭ്യതയും വിതരണവും ഉറപ്പ് വരുത്തുന്നതിന് വകുപ്പുതല പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി താലൂക്ക്/ജില്ല/മേഖലാ തല സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാനത ലത്തിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചു. ഇപ്രകാരം രൂപീകരിക്കപ്പെട്ട 103 സ്ക്വാഡുകൾ 25.08.16 മുതൽ പ്രവർത്തിച്ചിരുന്നു. കൂടാതെ വിലക്കയറ്റം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും ടി സ്ക്വാഡുകളുടെ പരിശോധന നിരീക്ഷിച്ച് ദൈനംദിന പരിശോധനയുടെ വിശദാംശങ്ങൾ ദിവസേന സർക്കാരിലേക്ക് നൽകുന്നതിനുമായി 25.08.2016 മുതൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം രൂപീകരിച്ച് പ്രവർത്തിച്ച് വന്നിരുന്നു. ഇതിന് പുറമേ താലൂക്ക്/ജില്ല/മേഖലാ തല കൺട്രോൾ റൂമുകൾ രുപീകരിച്ചിരുന്നു.

| | | | |
|---|---|---|---|
| (ബി) | പൊതുവിതരണ പ്രക്രിയ ഇലക്ട്രോണിക് നിരീക്ഷണ സംവിധാനത്തിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു കൊണ്ടുള്ള മെച്ചമെന്തെന്നും ഇത് എങ്ങനെ പ്രായോഗികമാക്കാമെന്നും അറിയിക്കാമോ; | (ബി) | പൊതുവിതരണ പ്രക്രിയ ഇലക്ട്രോണിക് നിരീക്ഷണ സംവിധാനത്തിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി പൂർണ്ണ തോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കും. തിരിമറി പൂർണ്ണമായും തടയാൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കുന്നതുമൂലം റേഷൻ കടകളിൽ സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കാൻ സാധിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും പരാതിയുടെ |

തൽസ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും യഥാസമയം സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു **Decision Support System (DSS)** നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചു കൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) മൊത്തവിതരണ ശൃംഖല സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്?

(സി) ജസ്റ്റിസ് വാദ്ധ്വാ കമ്മിറ്റി റിപ്പോർട്ടിലും പൊതുവിതരണം സംബന്ധിച്ചുള്ള നിവേദിത പി. ഹരൻ കമ്മീഷൻ റിപ്പോർട്ടിലും പരാമർശിക്കപ്പെട്ടിരിക്കുന്ന ഒരു സുപ്രധാന കാര്യം വിതരണ ശൃംഖലയിൽ നിന്നാണ് ചോർച്ചയും തിരിമറിയും പ്രധാനമായും നടക്കുന്നതെന്നാണ്. മൊത്ത വിതരണ ശൃംഖല സർക്കാരിന്റെ ഉടമസ്ഥതയിലാക്കിയാൽ വാതിൽപ്പടി വിതരണം കാര്യക്ഷമമായി നടത്താൻ സാധിക്കും. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിനുള്ള ഒരു മുന്നുപാധിയാണ് വാതിൽപ്പടി വിതരണം. നിലവിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ മൊത്തവ്യാപാര ഡിപ്പോകളില്ല. (സപ്ലൈകോയുടെ ഡിപ്പോകൾ ഒഴികെ). സംസ്ഥാന സർക്കാർ നേരിട്ടോ സർക്കാർ ഏജൻസികൾ മുഖേനയോ മൊത്ത വ്യാപാര വിതരണം നടത്തുകയാണെങ്കിൽ കൃത്യമായ അളവിൽ ഭക്ഷ്യ ധാന്യങ്ങൾ യഥാസമയം റേഷൻ കടകളിൽ എത്തിക്കാനും ഭക്ഷ്യ ധാന്യങ്ങളുടെ ദുരുപയോഗം തടയാനും സാധിക്കും.

*സെക്ഷൻ ഓഫീസർ*